**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 45** | **30-01-2024 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ, സഹകരണ, വ്യവസായ എസ്റ്റേറ്റുകൾക്ക് സർക്കാർ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ്,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതു, സ്വകാര്യ, സഹകരണ മേഖലകളിൽ പരമാവധി വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുകയെന്ന ലക്ഷ്യം മുൻനിർത്തി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ സംസ്ഥാനത്തേക്ക് കൂടുതൽ സംരംഭകരെ ആകർഷിക്കുന്ന തരത്തിൽ പുരോഗതി പ്രാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് പൊതുമേഖലയിലും സ്വകാര്യ മേഖലയിലും വ്യവസായ എസ്റ്റേറ്റുകൾ നിലവിലുണ്ട്. ഇവയുടെ പ്രവർത്തനത്തിലൂടെ സംസ്ഥാനത്തേക്ക് കൂടുതൽ സംരംഭകരെ ആകർഷിക്കുവാൻ കഴിയുന്നുണ്ട്. ഇവ പുരോഗതിയുടെ പാതയിലാണ്. സംസ്ഥാനത്ത് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി ആരംഭിച്ച ശേഷം ഇതുവരെ 16 സ്ഥാപനങ്ങൾക്ക് എസ്റ്റേറ്റ് തുടങ്ങുവാൻ ഡെവലപ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. അവയെല്ലാം എസ്റ്റേറ്റ് രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇവ സജീവമാകുന്നതോടെ ഉദ്ദേശം 540 കോടി രൂപയുടെ നിക്ഷേപവും 8300 തൊഴിലവസരങ്ങളും ലഭ്യമാക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. സഹകരണ മേഖലയിൽ വ്യവസായ വകുപ്പിന്റെ സഹകരണത്തോടെ കൂടുതൽ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയുടെ പ്രാഥമിക ചർച്ചകൾ നടന്നു കഴിഞ്ഞു. |
| (ബി) | സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് സർക്കാർ നൽകുന്ന ധനസഹായം സഹകരണ മേഖലയിലെ എസ്റ്റേറ്റുകൾക്കും ലഭ്യമാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | (ബി), (സി) & (ഡി)<br>വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | സഹകരണ വ്യവസായ പാർക്ക്, എസ്റ്റേറ്റ്, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി എന്നിവ സംബന്ധിച്ച മാർഗനിർദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | (ബി), (സി) & (ഡി)<br>വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | സഹകരണ വ്യവസായ എസ്റ്റേറ്റുകൾക്ക് കൂടുതൽ ഇളവുകൾ നൽകുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | (ബി), (സി) & (ഡി)<br>വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ